**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2328** **07-07-2022 - ൽ മറുപടിയ്ക്ക്**

**ജപ്തി നടപടികൾക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി റിസർവ് ബാങ്ക് പലിശ നിരക്കുകൾ ഉയർത്തിയത് വിവിധ തരം വായ്പകളെടുത്തിട്ടുള്ളവർക്ക് അധിക ബാധ്യത സൃഷ്ടിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ ഭാഗമായി ഉല്പന്നങ്ങളുടെ വിതരണ പ്രക്രിയയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പണപ്പെരുപ്പം കുത്തനെ ഉയരുന്നതിന് കാരണമാകുന്നുണ്ടെന്നും 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് പാദങ്ങളിൽ ഇന്ത്യയിൽ പണപ്പെരുപ്പം അതിന്റെ ഉയർന്ന നിലയായ 6 ശതമാനത്തിന് മുകളിലായിരിക്കുമെന്നും റിസർവ് ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>വളർച്ചാ ആവശ്യങ്ങൾക്ക് കോട്ടം വരുത്താതെ തന്നെ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള നയങ്ങൾക്ക് റിസർവ് ബാങ്ക് ഇതിനകം തന്നെ മുൻഗണന നൽകിയിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ പണപ്രവാഹം ഉണ്ടാകുന്നത് നിയന്ത്രിക്കാനായി റിസർവ് ബാങ്ക് റിപ്പോ, റിവേഴ്സ് റിപ്പോ, ക്യാഷ് റിസർവ്വ് റേഷ്യോ, എസ്.എൽ.ആർ തുടങ്ങിയവയുമായി ബന്ധപ്പെട്ട ചില നടപടികൾ കൈക്കൊള്ളാറുണ്ട്. റിസർവ്വ് ബാങ്ക് കൈക്കൊള്ളുന്ന ഇത്തരം നടപടികൾ വിവിധതരം വായ്പകളെടുത്തിട്ടുള്ളവരെയും ബാധിക്കും. |
| (ബി) | കോവിഡ് പ്രതിസന്ധി മൂലം ചെറുകിട സംരംഭകരും സാധാരണക്കാരുമുൾപ്പെടെ വായ്പകൾ തിരിച്ചടയ്ക്കാനാവാതെ ജപ്തി നടപടികൾ നേരിടുന്ന സാഹചര്യത്തിൽ പലിശ ബാധ്യത ഉയരുന്നത് സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കുന്നതിനായി എന്തെങ്കിലും ഇടപെടലുകൾ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കോവിഡിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കേരളം ഫിനാൻഷ്യൻ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് 01.07.2021 ൽ തുടങ്ങി ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചു. കൂടാതെ, ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം |

| | | | |
|---|---|---|---|
| | | | എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി ഇളവും വരുത്തിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്നും 8 ശതമാനമായും ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറയ്ക്കുകയും കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലായ് 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. |
| (സി) | സംസ്ഥാനത്ത് ജപ്തി നടപടികൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നോ; ആയതിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; എങ്കിൽ പലിശ ബാധ്യത ഉയർന്ന സാഹചര്യത്തിൽ ജപ്തി നടപടികളുടെ മൊറട്ടോറിയം ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ കർഷകരും മത്സ്യതൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, സഹകരണ ബാങ്കുകൾ കൂടാതെ, റവന്യൂ റിക്കവറി ആക്ട് 1968 ലെ 71 -ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 22/10/2021 ലെ സ.ഉ (കൈ) നം. 201/2021/റവ പ്രകാരം 2021 ഡിസംബർ 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ